# സെൻസസും എന്യൂമറേറ്റർമാരും

**കേദാരം മനോജ്.**

1872 മുതൽ പത്തുവർഷത്തിൽ ഒരിക്കൽ ഇന്ത്യയിൽ നടന്നുവരുന്ന പതിനാലാമത്തേതും, സ്വാതന്ത്ര്യത്തിനുശേഷം ആറാമത്തേതുമായ സെൻസസ് പ്രവർത്തനം 2001 - ഫെബ്രുവരി ഒൻപതു മുതൽ 28 വരെ തിയ്യതികളിൽ ഇന്ത്യയിൽ നടന്നുവല്ലോ. ഈ സെൻസസ്സിൽ മതനിരപേക്ഷകർക്ക് മതം ചേർക്കാതിരിക്കാൻ കേരളാ യുക്തിവാദി സംഘം കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അവസരം ഉണ്ടായിരുന്നു. എന്നാൽ 7-ാമത്തെ ചോദ്യമായ മതത്തിന്റെ കാര്യത്തിൽ ഈ സെൻസസും മുൻപെന്നപോലെ തന്നെയായിരുന്നു.

എന്റെ വീട്ടിൽ എന്യൂമറേറ്ററായി വന്ന സ്ത്രീ അവരുടെ ഹാന്റ്ബുക്ക് ഒരാവർത്തിപോലും വായിച്ചിട്ടില്ലെന്ന് തോന്നി. എന്റെയും, മകളുടെയും മതത്തിന്റെ കോളത്തിൽ "മതമില്ല" എന്നെഴുതാൻ പറഞ്ഞപ്പോൾ അവർക്കൊരു ഞെട്ടൽ. അവർക്ക് ആദ്യത്തെ അനുഭവമാണത്രെ അത്. എന്റമ്മ 'ഹിന്ദു' എന്നു പറഞ്ഞപ്പോൾ തുടർന്ന് വരുന്നവർക്കും അതെഴുതാനുള്ള ശ്രമത്തിലായിരുന്നു അവർ. എന്ററിവിൽപെട്ട വീടുകളിലെല്ലാം അതാതിടത്തെ എന്യൂമറേറ്റർമാർ വീട്ടിലെ മുതിർന്ന അംഗത്തിന്റെ പേര് ചോദിച്ചശേഷം ബാക്കി അംഗങ്ങളുടെ മതം പ്രത്യേകം പ്രത്യേകം ചോദിക്കാതെ സ്വയം ഊഹിച്ച് ,മതം ചേർത്ത് "പണി എളുപ്പമാക്കി", മതരഹിതരുടെ കണക്കുകൾ പ്രത്യേകം ശേഖരിക്കാനുള്ള സെൻസസ് ഡയറക്റ്ററുടെ ഉത്തരവിനെ അറിഞ്ഞോ അറിയാതേയോ തുരങ്കം വെക്കുകയായിരുന്നു. (ഇതിനൊരപവാദം യുക്തിവാദ പ്രസ്ഥാനത്തിലും, ശാസ്ത്രസാഹിത്യപരിഷത്ത്പോലുള്ള പുരോഗമനപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ എന്യൂമറേറ്റർമാരാണ്.)

എന്റെ വീട്ടിൽ വന്ന സ്ത്രീ എന്യൂമറേറ്റർ "മതം ചേർക്കാതിരിക്കാൻ പറ്റില്ല പിന്നീട് മതം ചേർക്കണമെങ്കിൽ ഏറെ ബുദ്ധിമുട്ടേണ്ടിവരും. മകൾ പ്രൊഫഷണൽ കോഴ്സുകൾക്ക് ചേരുകയാണെങ്കിൽ സംവരണം കിട്ടില്ല" എന്ന് പ്രലോഭനത്തിന്റെയും അവസാനം ഭീഷണിയുടേയും സ്വരത്തിലാക്കി അവരുടെ ഉപദേശം. സെൻസസ് വിവരങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ലെന്ന സെൻസസ് ഡയറക്റ്ററുടെ അറിയിപ്പ് ഞാനവരെ ഓർമ്മപ്പെടുത്തി. കൂടാതെ "യോഗ്യതയുടെ അടിസ്ഥാനത്തിൽ മതാടിസ്ഥാനത്തിൽ എന്റെ മകൾക്ക് പ്രവേശനം ലഭിക്കേണ്ട" എന്ന് ഞാൻ ഉറപ്പിച്ച് അസന്നിഗ്ദമായി പറഞ്ഞപ്പോൾ അവസാനമവർ "മകളെ സ്കൂളിൽ ചേർക്കുമ്പോൾ മതത്തിന്റെ കോളത്തിൽ എന്തെഴുതും നിങ്ങൾ" എന്നു ചോദിച്ചു.

സ്കൂൾ പ്രവേശനത്തിന് അപേക്ഷാഫോറത്തിൽ ജാതിയും മതവും ചേർക്കാൻ നിർബന്ധിക്കരുതെന്നുള്ള 1974-ലെ കേരളാ ഗവൺമെന്റ് ഓർഡർ ഞാനവർക്ക് കാണിച്ചുകൊടുത്തു. കൂടാതെ ഞാനവർക്ക് ഒരു നിർദ്ദേശവും കൊടുത്തു. "നിങ്ങളുടെ ഹാന്റ്ബുക്കെടുത്ത് 65-ാം പേജിൽ 66, 1,2,3 എന്നിങ്ങനെയുള്ള കാര്യങ്ങൾ വായിച്ചുനോക്കി ഇനി ശേഷിക്കുന്ന സെൻസസും കൂടി മുഴുമിപ്പിക്കണം". മലപ്പുറം ജില്ലയിൽ ഒരു ഗ്രാമത്തിലെ വിശേഷം സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട അവിടത്തെ സ്കൂളിലെ ടീച്ചർമാർ. അവരുടെ പൂർവ്വവിദ്യാർത്ഥിക്ക് സാമ്പത്തിക സഹായം കൊടുത്ത് അവരവർക്കുള്ള വീടുകളുടെ നമ്പർ കൊടുത്ത്. ഫോറം അവരെക്കൊണ്ട് പൂരിപ്പിച്ച് മേടിക്കുകയായിരുന്നു.

സാമൂഹ്യ പ്രവർത്തകനും, സാഹിത്യകാരനുമായ എന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ അവിടുത്തെ എന്യൂമറേറ്റർ ചെന്നിട്ടേ ഇല്ലെന്ന് അദ്ദേഹം പരാതി പറഞ്ഞു.

മറ്റൊരു പ്രശ്നം മതനിരപേക്ഷകരായ ആളുകൾ വീട്ടിൽ ഇല്ലാത്ത സമയത്താണ് എന്യൂമറേറ്റർ വന്നതെങ്കിൽ/ മതനിരപേക്ഷനിലപാടിനോട് വിയോജിപ്പുള്ളവരാണ് എന്യൂമറേറ്റ് ചെയ്യപ്പെട്ടതെങ്കിൽ/എന്യൂമറേറ്റ് ചെയ്യുന്ന ആൾ അജ്ഞനാണ് എങ്കിൽ/ എന്യൂമറേറ്റർ അജ്ഞത/ ബോധപൂർവ്വം മതനിരപേക്ഷരുടെ കണക്കുകൾ ശേഖരിക്കാതിരിക്കുകയാണെങ്കിൽ/എന്യൂമറേറ്റ് ചെയ്യപ്പെടുന്ന ആളെ മതം ചേർക്കാതിരുന്നാലുള്ള "ഇല്ലാത്ത ബുദ്ധിമുട്ടുകൾ" പറഞ്ഞ് ഭീഷണിപ്പെടുത്തിയാൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ മതനിരപേക്ഷരുടെ ശരിയാ കണക്കുകൾ ഈ സെൻസസിലും കിട്ടാതെ പോയിട്ടുണ്ടാകും. ഇതൊക്കെയാണ് നമ്മുടെ സ്വതന്ത്ര ഇന്ത്യയിലെ ആറാമത്തേതായ 21-ാം നൂറ്റാണ്ടിലെ സെൻസസ് വിശേഷങ്ങൾ.